# കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ
# കർഷക രജിസ്ട്രി

കൃഷി മെച്ചപ്പെടുത്തുന്നതിലേക്കായി കാർഷിക മേഖലയിലെ വിവിധ പങ്കാളികളെ ഒരുമിച്ച് കൊണ്ടുവരുന്നതിനും ഡാറ്റയും ഡിജിറ്റൽ സേവനങ്ങളും ഉപയോഗിച്ച് കർഷകർക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഡിജിറ്റൽ അഗ്രികൾച്ചർ മിഷന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഒരു ഡിജിറ്റൽ ഫൗണ്ടേഷനാണ് അഗ്രി സ്റ്റാക്ക്.

കേരളത്തിൽ അഗ്രി സ്റ്റാക്ക് പദ്ധതിയുടെ ഭാഗമായി കതിർ എന്ന പേരിൽ കാർഷിക സേവനങ്ങൾക്കൊരു ഏകജാലക സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയുടെ സമുന്നതമായ പുരോഗതിക്ക് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ടു കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തയ്യാറാക്കിയിട്ടുള്ള പ്ലാറ്റ്ഫോമാണ് കതിർ. കർഷകർക്ക് ലഭ്യമാക്കേണ്ട വിവിധ സേവനങ്ങൾ നല്കുന്നതിന് ആവശ്യമായ വിവര സങ്കേതമാണ് കതിർ. വിവിധ സംവിധാനങ്ങളുടെ ഏകോപനം സാധ്യമാക്കി കർഷകർക്ക് വളരെ എളുപ്പത്തിലും സുതാര്യമായും സമയോചിതമായും സേവനങ്ങൾ എത്തിക്കുവാൻ മുൻഗണന നല്കി തയ്യാറാക്കിയിട്ടുള്ള കതിർ പ്ലാറ്റ്ഫോം വെബ് പോർട്ടലായും, മൊബൈൽ ആപ്ലിക്കേഷൻ ആയും രൂപപ്പെടുത്തിയിട്ടുണ്ട് .

## കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ചെയ്യേണ്ടത്

KATHIR - Kerala Agriculture Technology Hub and Information Repository - kathir.kerala.gov.in എന്ന വെബ് പ്ലാറ്റ്ഫോം ആയും, കതിർ മൊബൈൽ ആപ്ലിക്കേഷൻ - ആൻഡ്രോയിഡ് പ്ലേസ്റ്റോറിലും ios ആപ്പ് സ്റ്റോറിലും ലഭ്യമാണ്.

- എല്ലാ കൃഷിഭവൻ ഉദ്യോഗസ്ഥരും കൃഷി ഓഫീസറും കൃഷി അസ്സിസ്റ്റന്റുമാരും KATHIR പ്ലാറ്റഫോമിൽ ലോഗിൻ ചെയ്യുക
- ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ ലോഗിൻ ചെയ്യുക
- ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ വെബ് പോർട്ടലിൽ ലോഗിൻ ചെയ്യുക.

## കൃഷിഭവനിൽ:

- **കൃഷി അസ്സിസ്റ്റന്റുമാർ** ഐ ഡി കാർഡ് അപേക്ഷകൾ വെരിഫൈ ചെയ്യുക
- **കൃഷി ഓഫീസർ** അപ്പ്രൂവ് ചെയ്യുക
- **പ്ലാന്റ് ഡോക്ടർ** - കർഷകർ സബ്മിറ്റ് ചെയ്തിട്ടുള്ള സംശയങ്ങൾക്ക് കൃഷി ഓഫീസർമാർ ചാറ്റ് ഫീച്ചറിലൂടെ മറുപടി നൽകുക
- **കൃഷി സമൃദ്ധി** - കൃഷി സമൃദ്ധിയിൽ കൃഷി കൂട്ടത്തിന്റെ വിവരങ്ങള പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തുകയും കൂടുതൽ വിവരങ്ങൾ നൽകി അപ്ഡേറ്റ് ചെയ്യുക

❖ **കാലാവസ്ഥ വിവരങ്ങൾ** - കൃഷി ഓഫീസറുടെ ലോഗിനിൽ ലഭിക്കുന്നത് പരിശോധിക്കുക

കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിൻറെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും.

**<u>കർഷക രജിസ്ട്രിയധിഷ്ഠിത സേവനങ്ങൾ കർഷകരെ എങ്ങനെ സഹായിക്കുന്നു?</u>**

- ഐഡന്റിറ്റി, ഭൂമി, വിളകൾ എന്നിവയുടെ രേഖകൾ ഒന്നുമില്ലാതെ ഫാർമർ ഐഡി വഴി ഒന്നിലധികം സർക്കാർ പദ്ധതികളിലേക്കും സേവനങ്ങളിലേക്കും എളുപ്പത്തിൽ പ്രവേശനം
- ഒരോ കർഷകനും ആവശ്യമായ രീതിയിൽ ഫാമും വിളയും സംബന്ധിച്ച പ്രത്യേക ഉപദേശം
- കർഷകർക്ക് ഇൻപുട്ടുകൾ, സേവനങ്ങൾ, വിപണികൾ എന്നിവ തിരഞ്ഞെടുക്കുന്നതിന് കൂടുതൽ അവസരം
- യഥാർത്ഥ കർഷകരിൽ നിന്ന് ഒരു രേഖ പോലും എടുക്കാതെ വിളകളുടെ വേഗത്തിലുള്ള സംഭരണം
- കർഷകന്റെ വിളയും വിളകളുടെ വ്യാപ്തിയും അനുസരിച്ച് കെസിസി വായ്പ ഡിജിറ്റൽ രീതിയിൽ
- കിസാൻ ക്രെഡിറ് കാർഡ്, കർഷക വായ്പ എന്നിവയുടെ പേപ്പർ രഹിത പ്രോസസിങ്ങും വിതരണവും
- ഇൻഷുറൻസ് ചെയ്ത വിളയുടെ കൃഷിയുടെ സ്വയമേവയുള്ള പരിശോധനയും, രേഖകൾ കൂടാതെ എൻറോൾമെൻറ് സൗകര്യവും
- ജിയോ റഫറൻസ് ചെയ്ത വില്ലേജ് മാപ്പുകൾ ഉപയോഗിച്ച് മെച്ചപ്പെടുത്തിയ സാമ്പിൾ കൃത്യത
- യോഗ്യരായ കർഷകരെ പദ്ധതിയിൽ സ്വയമേവ ഉൾപ്പെടുത്തൽ സാധ്യത
- യഥാർത്ഥ കർഷകരിൽ നിന്ന് വിളകളുടെ വേഗത്തിലുള്ള സംഭരണം
- റെക്കോർഡുകളുടെ മാനുവൽ പരിശോധന ആവശ്യമില്ല

കേരളത്തിൽ പി എം കിസാൻ പദ്ധതിയുടെ 18-ആം ഗഡു ആനുകൂല്യം ലഭിച്ച 28,16,138 കർഷക ഗുണഭോക്താക്കളെ ആദ്യഘട്ടമെന്ന നിലയിൽ ഫാർമർ രജിസ്ട്രിയിലേക്ക് കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക

രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഫെബ്രുവരി 2025-ഓടുകൂടി കേരളത്തിലെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. **കർഷക രജിസ്ട്രിയിൽ ചേരാത്ത കർഷകർക്ക് 2025 മുതലുള്ള പി എം കിസാൻ ആനുകൂല്യം ലഭിക്കുന്നതല്ല.**

കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും.

**കർഷകർ ചെയ്യേണ്ടത്**

- കർഷക രജിസ്ട്രി /കർഷക ഐ ഡിക്കായി കർഷകന്റെ വിവരങ്ങൾ, പ്ലോട്ടിന്റെ വിവരങ്ങൾ, വിളയുടെ വിവരങ്ങൾ എന്നിവ KATHIR ആപ്പിൽ നൽകി രജിസ്റ്റർ ചെയ്യുക.
- കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷി ഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ കതിർ ആപ്പ് വഴി കേന്ദ്ര സർക്കാരിന്റെ കർഷ രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തുനോക്കി ശരിയാണെന്നു ഉറപ്പു വരുത്തേണ്ടതാണ്.
- കർഷകർക്ക് കർഷക രജിസ്ട്രിയിൽ വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ കൃഷിഭവന്റെയോ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ സഹായം തേടാവുന്നതാണ് .
- കർഷക രജിസ്ട്രിയിൽ ഒരു കർഷകന്റെ ഫാർമർ ഐ ഡി തയ്യാറാക്കുന്നതിന് Rs.10/- രൂപ നിരക്കിൽ നൽകുന്നതാണ്. ഇതിനായി എല്ലാ പഞ്ചായത്തുകളിലും 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ് .

കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കേണ്ടതാണ്.

ഹെല്പ് ഡെസ്ക് :0471 -2309122, 2303990, 2968122